(സി) വനം ഭേദഗതി ഓർഡിനൻസിലൂടെ മുൻ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത വനഭൂമിയിൽ എത്ര ഏക്കർ വനഭൂമി കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഏറ്റെടുത്ത വനഭൂമി കയ്യേറ്റക്കാർക്ക് വിട്ടുകൊടുക്കണമെന്ന കോടതിവിധിക്കെതിരെ റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിലാണ് ഹർജി ഫയൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) തുടർച്ചയായി കേസുകളിൽ പരാജയപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) 1971-ലെ സ്വകാര്യവനം (നിക്ഷിപ്തമാക്കലും കൈമാറ്റവും) നിയമപ്രകാരം സ്വകാര്യവ്യക്തികളിൽ നിന്നും ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽ നിന്നും 4855.39 ഹെക്ടർ ഭൂമി ട്രൈബ്യൂണൽ/വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്തിട്ടുണ്ട്. സർക്കാർ അപ്പീൽ സമർപ്പിച്ച കേസുകളുടെ എണ്ണം ശേഖരിച്ചുവരുന്നു.

(സി) വനം ഓർഡിനൻസിലൂടെ സർക്കാർ ഏറ്റെടുത്ത വനഭൂമി വിട്ടുകൊടുത്തിട്ടില്ല

(ഡി) സർക്കാർ ഏറ്റെടുത്ത വനഭൂമി കൈയേറ്റക്കാർക്ക് വിട്ടുകൊടുക്കണമെന്ന കോടതി വിധി ഉണ്ടായിട്ടുള്ളതായി അറിവില്ല. എന്നാൽ മുൻ ഉടമസ്ഥർക്ക് ഭൂമി വിട്ടുകൊടുക്കണമെന്ന് ചില കേസുകളിൽ വിധികൾ വരികയും പ്രസ്തുത വിധികൾക്കെതിരെ റിവിഷൻ ഹർജി ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 142 റിവിഷൻ പെറ്റിഷനുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലുണ്ട്.

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നടത്തുന്ന ചില്ലറ വില്പനശാലകൾ

*17 [77] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, അടൂർ പ്രകാശ് :
,, എം. മുരളി :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ അന്തർ സംസ്ഥാനാതിർത്തിയോടടുത്ത് എവിടെയെല്ലാം ചില്ലറ വില്പനശാലകൾ തുറന്നിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വില്പനശാലകളുടെ സുഗമമായ പ്രവർത്തനത്തിന് അയൽ സംസ്ഥാനങ്ങളിലെ പോലീസ് എന്തെങ്കിലും വിധത്തിലുള്ള തടസ്സങ്ങളോ പ്രശ്നങ്ങളോ സൃഷ്ടിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന പോലീസ് ഇത്തരം ചില്ലറ വില്പനശാലകൾക്ക് അന്യ സംസ്ഥാന അധികൃതരിൽ നിന്നുണ്ടാകുന്ന തടസ്സങ്ങൾ മാറ്റുവാൻ ആവശ്യമായ സഹായം നൽകുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 1. കളിയിക്കാവിള (2) വെള്ളറട (3) വാളയാർ, (4) മഞ്ചേശ്വരം എന്നിവിടങ്ങളിൽ ചില്ലറ വില്പനശാലകൾ തുറന്നിട്ടുണ്ട്;

(ബി ആന്റ് സി) തമിഴ്നാട് അതിർത്തിയോട് ചേർന്നുള്ള കളിയിക്കാവിള ഷോപ്പ് തുടങ്ങിയ സമയത്ത് ചില പ്രശ്നങ്ങൾ ഉണ്ടായെങ്കിലും ചർച്ച ചെയ്തു പരിഹരിച്ചു. ഇപ്പോൾ ഷോപ്പ് പ്രവർത്തിക്കുന്നതിൽ പ്രശ്നങ്ങളോ തടസ്സങ്ങളോ ഇല്ല.

(ഡി) ഉണ്ട്.

വനംകൊള്ളമൂലമുള്ള നഷ്ടം

*18 [78] ശ്രീ. കെ. എൻ. എ. ഖാദർ :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. അബ്ദുറബ്ബ് :
,, യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര വനം കൊള്ളകളെപ്പറ്റി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് വനംകൊള്ള നടത്തുന്നത്;

(സി) എന്തെല്ലാം വനവിഭവങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളത്;

(ഡി) ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly